**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **09-08-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര ബൈപ്പാസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് കിഫ്‌ബിയിൽ നിന്നും ധനകാര്യ അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിനായി ₹58,28,83,967/- (58.28 കോടി) രൂപയുടെ ധനാനുമതിയാണ് കിഫ്‌ബി നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | പദ്ധതിക്കായി നാളിതുവരെ കിഫ്‌ബി ₹45,11,24,705 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് നിർമ്മിച്ചതിന്റെ ഫൈനൽ ബിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഫൈനൽ ബിൽ അംഗീകരിച്ചതിനു ശേഷം മാത്രമേ ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയാൻ സാധിക്കുകയുള്ളൂ. |
| (സി) | ബസ്സ്റ്റാന്റിൽ നിന്നും ബൈപ്പാസിലേക്കുള്ള ലിങ്ക് റോഡ്, കല്ലോട്, കക്കാട് ബെൽമൗത്തുകളുടെ വികസനം എന്നിവയ്ക്കായുള്ള പ്രൊപ്പോസൽ ആർ.ബി.ഡി.സി. മുഖേന കിഫ്‌ബിക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ബസ്സ്റ്റാന്റിൽ നിന്നും ബൈപ്പാസിലേക്കുള്ള ലിങ്ക് റോഡ്, കല്ലോട്, കക്കാട് ബെൽമൗത്തുകളുടെ വികസനം എന്നിവയ്ക്കായുള്ള പ്രൊപ്പോസൽ 15.12.2022 കിഫ്‌ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ മറുപടിയായി ബസ്സ്റ്റാന്റിൽ നിന്നും ബൈപ്പാസിലേക്കുള്ള ലിങ്ക് റോഡ് നിലവിൽ പരിഗണിക്കാൻ കഴിയുകയില്ലെന്നും, കല്ലോട് കക്കാട് ബെൽ മൗത്ത് വികസനം "Improvement to PUKC Road 17/600 tp 42/950 in Kozhikode District" എന്ന KRFB SPV ആയിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്താമെന്നും അറിയിക്കുകയുണ്ടായി (Lr. No. PWD 003-10-MISC-01 dated 28.04.2023). |
| (ഡി) | പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ബസ്സ്റ്റാന്റിൽ നിന്നും ബൈപ്പാസിലേക്കുള്ള ലിങ്ക് റോഡ്, കല്ലോട്, കക്കാട് ബെൽമൗത്തുകളുടെ വികസനം എന്നിവയ്ക്കായുള്ള പ്രൊപ്പോസൽ 15.12.2022 കിഫ്‌ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ മറുപടിയായി ബസ്സ്റ്റാന്റിൽ നിന്നും ബൈപ്പാസിലേക്കുള്ള ലിങ്ക് റോഡ് നിലവിൽ പരിഗണിക്കാൻ കഴിയുകയില്ലെന്നും, കല്ലോട് കക്കാട് ബെൽ മൗത്ത് വികസനം "Improvement to PUKC Road 17/600 tp 42/950 in Kozhikode District" |

| | | | |
|---|---|---|---|
| | | | എന്ന KRFB SPV ആയിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്താമെന്നും അറിയിക്കുകയുണ്ടായി (Lr. No. PWD 003-10-MISC-01 dated 28.04.2023). |

സെക്ഷൻ ഓഫീസർ